# സഹകരണ ജീവനക്കാരുടെ പെൻഷൻ പദ്ധതി ഉത്തരവ്
# കേരള സർക്കാർ സഹകരണം (ബി) വകുപ്പ്
# നോട്ടിഫിക്കേഷൻ

ജി.ഒ.പി.നമ്പർ 44/95 സഹ. തിരുവനന്തപുരം 14.3.95

എസ്.ആർ.ഒ.323/95-1994 ആഗസ്റ്റ് 30-ാംന് ലെ കേരള ഗസ്റ്റ് നമ്പർ 35 -ാം ഭാഗം (ഐ) ൽ പ്രസിദ്ധീകരിച്ചതും നോട്ടിഫിക്കേഷനനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ നിർദ്ദേശങ്ങളും എതിർപ്പുകളും സർക്കാർ പരിഗണനക്കായി അറിയിക്കുവാൻ ആവശ്യപ്പെട്ടിരുന്നതും.

ലഭിച്ച നിർദ്ദേശങ്ങളും എതിർപ്പുകളും സർക്കാർ പരിഗണിച്ച് തീർപ്പെടുക്കുകയും ചെയ്തു. ആകയാൽ, 1969 ലെ കേരള സഹകരണ നിയമം (1969 ലെ 21-ാം നിയമം) വകുപ്പ് 80 എ പ്രകാരം നൽകുന്ന അധികാരം ഉപയോഗിച്ച് കേരള സർക്കാർ ഇപ്പോൾ ഇതിനാൽ, സഹകരണ സംഘം ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിലേക്ക് ഒരു പെൻഷൻ ഫണ്ടാക്കുവാൻ ഒരു സെൽഫ് ഫൈനാൻസിംങ് പെൻഷൻ പദ്ധതിക്ക് രൂപം നൽകുന്നു.

## പെൻഷൻ പദ്ധതി

പ്രാരംഭം

1. **ടൈറ്റിൽ, പ്രാരംഭം, പ്രവർത്തനം**

1. കേരള സഹ. സംഘം ജീവനക്കാരുടെ 1994 ലെ സെൽഫ് ഫൈനാൻസിംങ് പെൻഷൻ പദ്ധതി എന്നാണ് ഈ പദ്ധതിയുടെ പേര്.

2. 1993 ജൂൺ 3 മുതൽ ഇത് പ്രാബല്യത്തിൽ വന്നതായി കണക്കാക്കാം.

3. അതാതു കാലം സർക്കാർ ഗസ്റ്റ് നോട്ടിഫിക്കേഷൻ വഴി പറയും പ്രകാരം ഏതു ക്ലാസ്സിൽ അഥവാ ക്ലാസ്സുകളിൽ വരുന്ന സംഘങ്ങൾക്ക് ഇത് ബാധകമാക്കുന്നതാണ്.

2. **നിർവ്വചനങ്ങൾ:-** സന്ദർഭം മറ്റൊരു പ്രകാരം പറയുന്നില്ലെങ്കിൽ ഈ പദ്ധതിയിൽ വരുന്ന

(a) **നിയമമെന്നാൽ,** 1969 ലെ കേരള സഹ.സംഘം നിയമം (1969 ലെ 21-ാം നിയമം) എന്ന് അർത്ഥമാക്കുന്നു.

(b) **നിയമനാധികാരി,** എന്നാൽ സംഘത്തിലെ ഒരു ജീവനക്കാരനെ നിയമിച്ച സംഘം കമ്മിറ്റി എന്നർത്ഥമാകുന്നു.

(c) **ശരാശരി ശമ്പളം,** എന്നതിന് അർത്ഥം സംഘം ജീവനക്കാരൻ അയാളുടെ ഗണ്യമായ സേവനത്തിന്റെ അവസാനമായുള്ള പത്തുമാസം വാങ്ങിയ ശമ്പളത്തിന്റെ ശരാശരി എന്നാണ്.

(d) **ബോർഡ്:** എന്നാൽ 4-ാം ഖണ്ഡിക അനുസരിച്ച് രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് എന്നർത്ഥമാക്കുക.

(e) **റിട്ടയർമെന്റ് തിയ്യതി:** എന്നാൽ ജീവനക്കാരന് 58 വയസ്സ് തികയുന്ന മാസത്തിന്റെ അവസാന ദിവസം അഥവാ അതിന് മുമ്പ് നിയമനാധികാരി അയാൾക്ക് റിട്ടയർ ചെയ്യാൻ അനുവദിക്കപ്പെട്ട തിയ്യതി എന്ന് അർത്ഥമാക്കുക.

(f) **ജീവനക്കാരൻ:** എന്നാൽ നിയമത്തിലെ 80-ാം വകുപ്പ് അനുസരിച്ച് സംഘത്തിൽ സേവനത്തിനായി നിയമിക്കപ്പെടുകയും വേതനം പറ്റി പതിവായി മുഴുവൻ സമയം പ്രവർത്തനം നടത്തുകയും ചെയ്ത ആൾ എന്ന് അർത്ഥമാക്കുക.

(g) വേതനത്തിൽ ഉൾപ്പെടുന്നവ

- (i) അടിസ്ഥാന ശമ്പളം
- (ii) പ്രത്യേക ശമ്പളം
- (iii) വ്യക്തികഗത ശമ്പളം
- (iv) പെൻഷനായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ശമ്പളമായി കണക്കാക്കുന്നതിന് കൽപനയായിട്ടുള്ള മറ്റു സംഖ്യകൾ.

(h) **യോഗ്യത നേടൽ:** എന്നാൽ ഈ പദ്ധതിയ്ക്കു കീഴിൽ പെൻഷനായി കണക്കാക്കപ്പെട്ട സേവനം എന്നർത്ഥമാകുന്നു.

(i) **സെക്രട്ടറി** എന്നാൽ ബോർഡിന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു.

(j) **പ്രായാധിക്യപെൻഷൻ:** എന്നാൽ 58 വയസ്സ് തികയുന്ന മാസത്തിലെ അവസാന ദിവസം ജോലിയിൽ നിന്ന് വിരമിച്ച ഒരുജീവനക്കാരന് അനുവദിക്കപ്പെട്ട പെൻഷൻ എന്നാണ് അർത്ഥം.

II ഈ പദ്ധതിയിൽ നിർവ്വചിച്ചിട്ടില്ലെങ്കിലും ഉപയോഗിച്ചിട്ടുള്ള വാക്കുകൾക്കും, പ്രയോഗങ്ങൾക്കും 1969 ലെ സഹകരണ സംഘം നിയമ (1969 ലെ 21-ാം നമ്പർ നിയമം)ത്തിൽ നൽകിയിട്ടുള്ള അർത്ഥത്തിൽ തന്നെ കണക്കാക്കേണ്ടതാണ്.

## പെൻഷനുള്ള അർഹത

ഈ പദ്ധതി ബാധകമായി വരുന്ന സംഘത്തിലെ ഓരോ ജീവനക്കാരനും പദ്ധതിയിലെ മറ്റുവകുപ്പുകൾക്കു വിധേയമായി പദ്ധതിയനുസരിച്ച് പെൻഷന് അർഹതയുണ്ടായിരിക്കും.

എന്നാൽ (i) കോൺട്രിബ്യൂട്ടറി േമനിധി കൈപറ്റിയിട്ടുള്ള ഒരുജീവനക്കാരൻ തൊഴിലുടമാ കോൺട്രിബ്യൂഷൻ പലിശ സഹിതം പെൻഷന് അപേക്ഷിക്കുന്നതിനുമുമ്പു തന്നെ തിരിച്ചടത്താൽ മാത്രമെ പെൻഷന് അർഹതയുണ്ടാവൂ.

(ii) സ്വഭാവദൂഷ്യം, പാപ്പരാകൽ, കഴിവില്ലായ്മ എന്നിവയാൽ പുറത്താക്കുകയോ, ഒഴിവാക്കുകയോ, ചെയ്യപ്പെട്ടിട്ടുള്ള ഒരു ജീവനക്കാരൻ പെൻഷന് അർഹനല്ല.

പക്ഷെ അപ്രകാരം ശിക്ഷകൾ നടത്തുന്ന അധികൃതർക്ക് അങ്ങനെ പുറത്താക്കുകയോ ഒഴിവാക്കുകയോ ചെയ്യപ്പെട്ട ജീവനക്കാരന് അർഹതയുള്ള പക്ഷം സ്വാനുകമ്പമായ സഹായം അനുവദിക്കുന്നതിനായി ബോർഡിനോട് ശുപാർശ ചെയ്യാവുന്നതാണ്.

അത്തരത്തിലുള്ള സ്വാനുകമ്പാസഹായം അയാളെ പുറത്താക്കുകയോ ഒഴിവാക്കുകയോ ചെയ്യുന്ന തിയ്യതിക്ക് അയാൾ വിരമിക്കുകയാണെങ്കിൽ ലഭിക്കാവുന്ന പെൻഷന്റെ മുന്നിൽ രണ്ടുഭാഗത്തിൽ അധികരിക്കാവുന്നതല്ല.

**അർഹമായ സേവനം**

ഈ പദ്ധതിയനുസരിച്ച് പെൻൻ അനുവദിക്കുന്നതിന് അർഹമായ സേവനം.

1. (a) ഈ പദ്ധതി സംഘത്തിന് ബാധകമാകുന്ന തിയ്യതിക്ക് സംഘത്തിലെ ജീവനക്കാരനായിരിക്കുകയും കോൺട്രിബ്യൂട്ടറി ക്ഷേമനിധിയിൽ ചേരുന്ന തിയ്യതി മുതൽ സേവന ദൈർഘ്യം കണക്കാക്കുകയും വേണം.

കോൺട്രിബ്യൂട്ടറി ക്ഷേമനിധിയിലേക്ക് തൊഴിലുടമയുടെ വിഹിതം ജീവനക്കാരനെ സംബന്ധിക്കുന്നത് മുഴുവനായി സംഘം അടച്ചിട്ടുള്ള കാലത്തേയ്ക്കുമാത്രം അർഹമായി സേവനക്കാലം നിജപ്പെട്ടിരിക്കും.

b (i) ഈ പദ്ധതി സംഘത്തിനു ബാധകമാക്കുന്ന തിയ്യതിയിലോ അതിനുശേഷമോ, ജോലിക്കു ചേരുന്ന ഒര ജീവനക്കാരന്റെ സേവനം ജോലിക്കു

(ii) സംഘത്തിലെ ഒരു ജീവനക്കാരന്റെ അർഹമായ സേവനം കണക്കാക്കുമ്പോൾ അയാളുടെ മറ്റൊരു സംഘത്തിലുള്ള സേവനമുണ്ടെങ്കിൽ അത് പരിഗണിക്കുവാൻ മറ്റേ സംഘം പെൻഷൻ നിധിയിലേക്ക് തൊഴിലുടമാ കോൺട്രിബ്യൂഷൻ ഈ സംഘത്തിലേക്ക് കൈമാറിയിരിക്കണം. അഥവാ മറ്റേ സംഘത്തിൽ നിന്നയാൾ കൈപറ്റിയിരുന്നെങ്കിൽ ആ തൊഴിലുടമാ വിഹിതം പെൻഷൻ ഫണ്ടിലേക്ക് അയാൾ തിരിച്ചടയ്ക്കണം.

(iii) അലവൻസുകൾ ഇല്ലാതുള്ള ലീവ് ഒഴികെ വന്നിട്ടുള്ള ലീവുകൾ അർഹമായ സേവന കാലമായി കണക്കാക്കാം.

(iv) പരിശീലനത്തിനുവേണ്ടി ചിലവഴിച്ചകാലം അർഹമായ സേവനമായി കണക്കാക്കാം.

(v) സസ്പെൻഷനിലുണ്ടായ കാലം അഥവാ അതിൽ അധികൃതർ ഗണനീയമായ പറയുന്ന കാലം അർഹമായ സേവനമായി കണക്കാക്കാവുന്നതാണ്.

(vi) 58 വയസ്സിനു മേലുള്ളതോ 18 വർഷങ്ങൾക്കു മുമ്പേയുള്ളതോ സേവന കാലത്തുണ്ടായിട്ടുള്ള വിട്ടുനില്പുകാലമോ അർഹമായ സേവനം കണക്കാക്കുവാൻ പരിഗണിക്കുന്നതല്ല.

**പ്രായാധിക്യപെൻഷൻ**

(i) പത്തുകൊല്ലത്തെ അർഹമായ സേവനകാലമുണ്ടാവുകയും 58-ാം വയസ്സിൽ വിരമിക്കുകയും ചെയ്യുന്ന ഓരോ ജീവനക്കാരനും പ്രായാധിക്യ പെൻഷനുള്ള അർഹതയുണ്ടായിരിക്കുന്നതാണ്.

(ii) പ്രായാധിക്യപെൻഷന് കണക്കാക്കാവുന്ന അർഹമായ സേവനത്തിന്റെ പരമാവധികാലം മുപ്പതുകൊല്ലമായിരിക്കും.

(iii) സേവന കാലയളവിന് ആനുപാതികമായി പ്രായാധിക്യ പെൻഷൻ നിരക്കിൽ കുറവ് വരുന്നതാണ്. എന്നാൽ ഏറ്റവും കുറഞ്ഞ പ്രായാധിക്യ പെൻഷൻ മാസം തോറും മുന്നൂറു രൂപയായിരിക്കും.

**റിട്ടയറിംങ് പെൻഷൻ**

(a) ചുരുങ്ങിയ വർഷക്കാലത്തെ അർഹമായ സേവനം പൂർത്തീകരിച്ചതിനു ശേഷം സ്വമേധയാ റിട്ടയർ ചെയ്യുന്ന ഒരു ജീവനക്കാരന് താഴെ പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി ഒരു റിട്ടയറിംങ് പെൻഷൻ അനുവദിക്കാവുന്നതാണ്.

റിട്ടയർ ചെയ്യാനാഗ്രഹിക്കുന്ന തിയ്യതിക്കു മുമ്പ് മൂന്നുമാസത്തിൽ കുറയാതുള്ള ഒരു തിയ്യതിക്ക് ജീവനക്കാരൻ രേഖാമൂലം നോട്ടീസ് നൽകുകയും അപ്രകാരം മൂന്നുമാസം മുൻപുള്ള നോട്ടീസിൽ പറയുന്ന കാരണങ്ങൾ നിയമനാധികൃതർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ

(b) നിയമനാധികൃതർ അനുവദിച്ചാൽ മാത്രമെ സ്വമേധയാലുള്ള റിട്ടയർമെന്റ് പ്രാബല്യത്തിൽ വരികയുള്ളു.

(c) അച്ചടക്ക സംബന്ധമായതോ ജൂഡീഷ്യലായുള്ളതോ ആയ എന്തെങ്കിലും നടപടികൾ ജീവനക്കാരനെതിരെ നിൽക്കുന്നുണ്ടെങ്കിൽ അത്തരം നടപടി അന്തിമമായി പൂർത്തീകരിക്കുന്നതുവരെ നിയമനാധികൃതർ റിട്ടയർ ചെയ്യുന്നതിന് ഉള്ള അനുവദാം നൽകാവുന്നതല്ല.

**ഫാമിലി പെൻഷൻ അല്ലാത്ത പെൻഷൻ തുക**

താഴെ പറയുന്ന പ്രകാരം സേവനകാലമെടുത്തുകൊണ്ട് പണം ഫാമിലി പെൻഷനില്ലാത്ത പെൻഷൻ തുക കണക്കാക്കി നിർണ്ണയിക്കേണ്ടത്.

$$\text{പെൻഷൻ} = \frac{AP \times QS}{60}$$

A.P. = ശരാശരി ശമ്പളം

Q.S. = അർഗമായ സേവനത്തിന്റെ വർഷം (ഏറ്റവും കൂടിയാൽ 30 വർഷം)

(2) പെൻഷൻ പെൻഷൻ തുക കണക്കാക്കുമ്പോൾ രൂപയുടെ ഭാഗമായി വരുന്നത് 50 പൈസയേക്കാൾ കൂടുതലാണെങ്കിൽ അടുത്ത മുഴുവൻ രൂപയായും അതിനുതാഴെയെങ്കിൽ അത് തള്ളിക്കളയുകയും വേണം.

**ഫാമിലി പെൻഷൻ**

(i) (a) 10 കൊല്ലം സേവനം പൂർത്തീകരിച്ചതിനുശേഷം സർവ്വീസിലിരിക്കെ തന്നെമരിക്കുകയോ

(b) വിരമിച്ചതിനുശേഷം പ്രായാധിക്യ പെൻഷനോ റിട്ടയറിംങ് പെൻഷനോ, ലഭിച്ചുകൊണ്ടിരിക്കെ മരിക്കുയോ ചെയ്താൽ ജീവനക്കാരന്റെ കുടുംബത്തിന് പെൻഷൻ അനുവദിക്കാവുന്നതാണ്.

(ii) ജീവനക്കാരനായിരിക്കുമ്പോൾ തന്നെ മരിച്ചാലും പെൻഷൻ പറ്റിക്കൊണ്ടിരിക്കുമ്പോൾ മരിച്ചാലും മരിച്ച തിയതിക്കുശേഷം 15 കൊല്ലക്കാലത്തിലധികം യാതൊരു കാരണവശാലും ഫാമിലി പെൻഷൻ നൽകാവുന്നതല്ല.

(iii) ഫാമിലി പെൻഷൻ നൽകുന്നതിന് ഫാമിലി എന്നത് താഴെപറയുന്ന മുൻഗണനാ ക്രമത്തിൽ എടുക്കേണ്ടതാണ്.

(a) ജീവനക്കാരന്റെ/ജീവനക്കാരിയുടെ ഭാര്യ അഥവാ ഭർത്താവ്.
(b) മൈനർമാരായ ആൺമക്കൾ അവിവാഹിതയോ, വിവാഹം വേർപ്പെടുത്തുകയോ വിധവയോ ആയ മകൾ
(c) 18 വയസ്സിനു താഴെ വരുന്ന സഹോദരങ്ങൾ, അവിവാഹിത/വിവാഹം വേർപ്പെടുത്തിയ/ വിധവയായ സഹോദരി
(d) അച്ഛൻ
(e) അമ്മ

(iv) മറ്റൊരു ഭാര്യ/ഭർത്താവ് ജീവിച്ചിരിപ്പുണ്ടെങ്കിൽ വിധവക്ക് അഥവാ വിധവന് ഫാമിലി പെൻഷൻ അനുവദിക്കേണ്ടതില്ല.

(v) ഈ പദ്ധതിയിലെ മറ്റു ഉപാധികൾക്ക് വിധേയമായി ഫാമിലി പെൻഷൻ താഴെ പറയും പ്രകാരം അനുവദിക്കേണ്ടതാണ്.

(i) വിധവയോ/വിധവനോ ആണെങ്കിൽ അവരുടെ പുനർവിവാഹം അഥവാ മരണം ഏതാണ് ആദ്യമെങ്കിൽ അതുവരെ.

(ii) മകനാണെങ്കിൽ അയാൾക്ക് 18 വയസ്സ് പൂർത്തീകരിക്കുന്നതുവവരെ.

(ii) അവിവാഹിതയായ സഹോദരിയോ മകളോ ആണെങ്കിൽ വിവാഹിതയാകുന്നതുവരെ അല്ലെങ്കിൽ 21 വയസ്സ് തികയുക ഏതാണ് ആദ്യമെങ്കിൽ അതുവരെ

(iv) അവിവാഹിതയോ വിവാഹമോചനം നേടിയതോ ആയ മകൾ അഥവാ സഹോദരിയാണെങ്കിൽ അവരുടെ പുനർവിവാഹം അല്ലെങ്കിൽ മരണം ഏതാണ് ആദ്യമെങ്കിൽ അതുവരെ.

**ഫാമിലി പെൻഷൻ നിരക്ക്**

(i) ജീവനക്കാരന്റെ മരണദിവസത്തിന്റെ പിറ്റേന്ന് അയാൾ റിട്ടയർ ചെയ്യുകയാണെങ്കിൽ അയാൾക്ക് അനുവദനീയമായ പെൻഷന്റെ 50% മായിരിക്കും ഫാമിലി പെൻഷൻ നിരക്ക്

(ii) മാസം തോറും 200 രൂപയായിരിക്കും കുറഞ്ഞ ഫാമിലി പെൻഷൻ.

(iii) 50 പൈസയോ അതിൽ കൂടുതൽ വരുന്നത് തൊട്ടടുത്ത രൂപയായി കണക്കാക്കുകയും 50 പൈസയേക്കാൾ താഴെ വരുന്നത് തള്ളിക്കളയുകയും വേണം.

(iv) ഫാമിലി പെൻഷൻ 50% ക്ഷേമാശ്വാസമായി നൽകാവുന്നതാണ്.

**ഫാമിലി പെൻഷന്റെ കുടിശ്ശിക നൽകൽ**

ഫാമിലി പെൻഷൻ ലഭിക്കുവാൻ അർഹതപ്പെട്ടയാൾ അതു ലഭിക്കുന്നതിനുമുമ്പ് മരണപ്പെട്ടുപോയാൽ അയാൾക്ക് കുടിശ്ശികയായി എന്തെങ്കിലുമുണ്ടെങ്കിൽ അത് ഫാമിലി പെൻഷൻ അനുവദിച്ച് കല്പനയായ ദിവസം അതിനർഹമായ ആരെയങ്കിലും ജീവിച്ചിരിപ്പുണ്ടെങ്കിൽ അയാൾക്ക് നൽകാവുന്നതാണ്.

**നാമനിർദ്ദേശം**

(i) ഒരു ജീവനക്കാരന്, ഈ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുവാൻ അർഹനായ ഒരു ജീവനക്കാരന് ലഭിക്കുവാനുള്ള ഏതു പെൻഷനും അയാളുടെ മരണംവരെ ലഭിക്കാത്ത പക്ഷം അതു വാങ്ങുന്നത് ഒന്നോ അതിലധികമോ വ്യക്തികൾക്ക് അവകാശം കിട്ടുമാറ്ഈ പദ്ധതിക്കു അനുബന്ധം (ii) ആയി ചേർത്തിട്ടുള്ള ഫോമിൽ രണ്ടുപകർപ്പായി നാമവനിർദ്ദേശം സമർപ്പിക്കാവുന്നതാകുന്നു. എന്നാൽ നോമിനേഷൻ നൽകുന്ന സമയത്ത് അയാൾ കുടുംബനാഥനാണെങ്കിൽ ആ നോമിനേഷൻ കുടുംബത്തിലെ അംഗം/അംഗങ്ങളല്ലാതെ മറ്റൊരു വ്യക്തിക്കോ വ്യക്തികൾക്കോ അനുകൂലമായിട്ടുള്ളതാകുവാൻ പാടുള്ളതല്ല.

(ii) ഏതെങ്കിലും ഒരു ജീവനക്കാരൻ ഒന്നിലധികം വ്യകളെയാണ് നാമനിർദ്ദേശം ചെയ്യുന്നതെങ്കിൽ ഓരോ വ്യക്തിക്കും നൽകേണ്ടതായ തുക അഥവാ ഓഹരി (മൊത്തം) പെൻഷൻ സംഖ്യം വരണം) വ്യക്തമാക്കേണ്ടതാണ്.

(iii) സംഘത്തിന്റെ പ്രധാന കാര്യനിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ രേഖാമൂലം നോട്ടീസ് നൽകികൊണ്ട് ജീവനക്കാരന് എപ്പോൾ വേണമെങ്കിലും നോമിനേഷൻ റദ്ദാക്കാം. അതോടൊപ്പം മാറ്റം വരുത്തിയ നാമനിർദ്ദേശത്തിന്റെ രണ്ടു പകർപ്പും ഈ നാമനിർദ്ദേശം ഞാൻ തിയ്യതി ...................... തീയതി നൽകിയിട്ടുള്ള നാമനിർദ്ദേശത്തെ നിരാകരിക്കുന്നു എന്ന ഒരു സമ്മതപത്രം കൂടി സമർപ്പിക്കേണ്ടതാണ്.

(iv) ഒരു നാമനിർദ്ദേശം അഥവാ മാറ്റം വരുത്തിയ നോമിനേഷൻ ലഭിച്ചാലുടനെ സംഘത്തിലെ കാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ അത് ലഭിച്ച തിയ്യതി കാണിച്ചുകൊണ്ട് മേലൊപ്പുവെക്കേണ്ടതും ആയതിന്റെ ഒരു പകർപ്പ് അയാൾ കൈവശം വെച്ച് സൂക്ഷിച്ച് മറ്റേ പകർപ്പ് ബോർഡിന് അയച്ചുകൊടുക്കേണ്ടതുമാകുന്നു.

**പെൻഷനുള്ള അപേക്ഷ:**

(i) റിട്ടയർമെന്റ് പ്രതീക്ഷിക്കുന്ന തിയ്യതിക്ക് കുറഞ്ഞത് ഒരു വർഷം മുമ്പായി പ്രായധിക്യ പെൻഷനുള്ള അപേക്ഷ ഈ പദ്ധതിയുടെ 1-ാം അനുബന്ധത്തിൽ ചേർന്നിട്ടുള്ള ഫോറത്തിൽ ജീവനക്കാരൻ സമർപ്പിക്കേണ്ടതാണ്. റിട്ടയറിങ്ങ് പെൻഷനുള്ള അപേക്ഷ വിരമിച്ചുകൊള്ളുവാനുള്ള നിയമനാധികൃതരുടെ അനുമതി കിട്ടിയാൽ കഴിയുന്നത്ര വേഗത്തിൽ അയക്കേണ്ടതാണ്.

(ii) 1-ാം ഉപഖണ്ഡിക അനുസരിച്ചുള്ള അപേക്ഷ സംഘത്തിന്റെ പ്രധാന കാര്യനിർവ്വഹണ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതും അദ്ദേഹം അതു ബന്ധപ്പെട്ട രേഖകളും ഒത്തുനോക്കിയതിന്റെ സർട്ടിഫിക്കറ്റും സഹിതം ബോർഡിന് അയച്ചുകൊടുക്കേണ്ടതുമാകുന്നു.

**പെൻഷൻ അനുവദിക്കുന്നതിനുള്ള അധികാരം**

പെൻ അനുവദിക്കാനുള്ള അധികാരി ബോർഡായിരിക്കും.

**പെൻഷൻ നൽകൽ**

ഈ പദ്ധതിയനുസരിച്ച് മാസം തോറുമാണ് പെൻഷൻ നൽകേണ്ടത്. അതിന്റെ ആരംഭം.

(i) അമ്പത്തിയെട്ടു വയസ്സ് തികഞ്ഞ് സംഘം സർവ്വീസ്സിൽ നിന്നും ജീവനക്കാരൻ വിരമിച്ച മാസത്തിന്റെ അടുത്തമാസം മുതലാണ് പ്രായാധിക്യ പെൻഷൻ.

(ii) റിട്ടയറിംങ് പെൻഷൻ സംബന്ധിച്ചിടത്തോളം ജീവനക്കാരൻ സ്വമേധയാ വിരമിക്കുന്ന തിയ്യതിക്കു ശേഷം വരുന്ന തിയ്യതി മുതൽ.

(iii) ജീവനക്കാരൻ അഥവാ പെൻഷൻ പറ്റുന്ന ആൾ മരണപ്പെടുന്ന പക്ഷം മരണത്തിയ്യതിക്കു പിന്നാലെ വരുന്ന തിയ്യതി മുതൽക്കായിരിക്കും ഫാമിലി പെൻഷൻ.

## പെൻഷൻ വിതരണം

പെൻഷൻ പറ്റുന്ന ആൾ അഭിപ്രായപ്പെടുന്ന ജില്ലാ സഹകരണ ബാങ്കിന്റെ ശാഖകളിലൂടെയായിരിക്കും ബോർഡ് ഈ പദ്ധതി അനുസരിച്ചുള്ള പെൻഷൻ വിതരണം നടത്തുക.

## കേരള ഗസ്റ്റ് അസാധാരണം

ആധികാരികമായി പ്രസിദ്ധീകരിക്കുന്നത്

വാല്യം : 46 നമ്പർ 387 2001 മാർച്ച് 14

കേരള സഹകരണ സംഘം ജീവനക്കാരുടെ സെൽഫ് ഫൈനാൻസിങ്ങും പെൻഷൻ പദ്ധതിക്ക് താഴെ പറയുന്ന ഭേദഗതികൾ വരുത്തുന്നു.

**പദ്ധതി**

**1. താലവാചകവും തുടക്കവും**

2001 ലെ കേരള സഹകരണ ജീവനക്കാരുടെ സെൽഫ് ഫൈനാൻസിങ്ങ് പെൻഷൻ (ഭേദഗതി) പദ്ധതി എന്നാണ് ഈ പദ്ധതി അറിയപ്പെടുക.

2. 1998 ഏപ്രിൽ 1–ാംനു മുതൽ ഇത് പ്രാബല്യത്തിൽ വന്നതായി കണക്കാക്കും.

3. പദ്ധതിക്ക് ഭേദഗതി

1994 ലെ കേരള സഹകരണ സംഘം ജീവനക്കാരുടെ സെൽഫ് ഫൈനാൻസിങ് പെൻഷൻ പദ്ധതിയിൽ (1) വകുപ്പ് 2 ൽ ഉപവകുപ്പ് (എഫ്) ന് പകരമായി ഈ പറയുന്ന ഉപവകുപ്പ് ചേർക്കണം.

**(f) ജീവനക്കാരൻ എന്നാൽ**

1969 ലെ സഹകരണ സംഘം നിയമനനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സഹകരണസംഘത്തിലെ സേവനത്തിനായി അനുവദിക്കപ്പെട്ടു അല്ലെങ്കിൽ അധികൃതർ അംഗീകരിച്ചിട്ടുള്ള തസ്തികയിൽ സ്ഥിരാടി സ്ഥാനത്തിൽ നിയമിക്കപ്പെട്ട വ്യക്തി എന്നർത്ഥമാകുന്നു.

(II) ഉപവകുപ്പ് (g) യ്ക്കു പകരമായി താഴെ പറയുന്ന ഉപവകുപ്പ്

(g) ശമ്പളത്തിൽ പെടുന്നത്

(i) അടിസ്ഥാന ശമ്പളം

(ii) സ്പെഷൽ ശമ്പളം

(iii) വ്യക്തിപരമായ ശമ്പളം

(iv) ക്ഷാമബത്ത

(v) മൊത്തം ശമ്പളത്തിൽ ഉൾപ്പെടുത്തുവാൻ കൽപനയായിട്ടുള്ള മറ്റു സംഖ്യകൾ.

**III പെൻഷൻ ഫണ്ടുണ്ടാക്കൽ**

(i) 3-ാം വകുപ്പിന്നു പകരം താഴെപറയും വകുപ്പ് ചേർക്കണം.

(ii) സഹകരണ സംഘം ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനായി ഒരു നിധി സ്വരൂപിക്കേണ്ടതും ആയതിലേക്ക് ഓരോ ജീവനക്കാരന്റേയും 2 (ജി)യിൽ പറയും പ്രകാരമുള്ള ശമ്പളത്തിന്റെ 8.33% എന്ന നിരക്കിൽ സഹകരണ സംഘം മാസം തോറും വിഹിതമായമി ക്രഡിറ്റ് ചെയ്യണം.

(2) പെൻഷൻ ഫണ്ടിൽ പോരായ്മ ഉണ്ടെങ്കിൽ
സർക്കാർ, സംഘങ്ങൾ, സഹകരണ വികസന ഫണ്ട് തുടങ്ങിയ മറ്റു തുറകളിൽ നിന്ന് സംഖ്യയുണ്ടാക്കി നികത്തേണ്ടതാണ്.

(3) പെൻഷൻ ഫണ്ട് ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതും അത് ബോർഡ് കൈകാര്യം ചെയ്യുന്നതുമാണ്.

(4) 19-ാം വകുപ്പിലെ (എ) ഉപവകുപ്പ് (1) ന്റെ നിബന്ധന താഴെ പറയുന്ന രീതിയിൽ ആണ് ഭേദഗതി ഒരു ജീവനക്കാരനെ സംബന്ധിച്ചിടത്തോളം വരുന്ന ജീവനക്കാരൻ ക്ഷേമനിധിയിലേക്ക് തൊഴിലുടമയുടെ വിഹിത മായി സംഘം പൂർണ്ണമായി അടച്ചിട്ടുള്ള കാലമോ യോഗ്യതാ സേവന മായി എടുക്കേണ്ടത്. കൂടാതെ മുമ്പുണ്ടായിരുന്ന ഏതെങ്കിലും ക്ഷേമ നിധിയിലേക്ക് ജീവനക്കാരൻ വരിക്കാരനായിരിക്കുകുയം ആ വിഹിതം പെൻഷൻ നിധിയിലേയ്ക്കടക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ആ കാല യളവും പെൻഷന് യോഗ്യമാകുന്നതാണ്.

ഒരു ജീവനക്കാരന്റെ പ്രൊബേഷൻ കാലയളിവിൽ കോൺട്രിബ്യൂട്ടറി ക്ഷേമനിധിയിലേക്ക് വിഹിതം ഈ പദ്ധതി പ്രാബല്യത്തിൽ വരുമ്പോൾ അടച്ചിട്ടില്ലെങ്കിൽ, അനുബന്ധമായ തൊഴിലുടമാവിഹിതം പലിശ സഹിതം പെൻഷൻ ഫണ്ടിലേയ്ക്കടച്ചാൽ ആ പ്രൊബേഷൻ കാലം കൂടി പെൻഷൻ അർഹമാകുന്നതാണ്.

വകുപ്പ് 20 ന് പകരമായി താഴെ പറയുന്ന വകുപ്പ് ചേർക്കുക:

**പ്രായാധിക്യ പെൻഷൻ:**

1) പ്രായാധിക്യം വരുന്ന വയസ്സായിക്കഴിഞ്ഞാൽ ഓരോ ജീവനക്കാരനും പെൻഷന് അർഹതയുണ്ടാകും.

2) പ്രായാധിക്യ പെൻഷനുള്ള യോഗ്യതാ സേവനകാലം ഏറ്റവും കൂടിയാൽ 30 വർശമായിരിക്കും.

3) സേവനകാലത്തിന് ആനുപാതികമായി വാർദ്ധക്യകാല പെൻഷനു കുറവു വരുന്നതും എന്നാൽ ഏറ്റവും കുറഞ്ഞ വാർദ്ധക്യ കാല പെൻഷൻ മാസം തോറും അഞ്ഞൂറു രൂപയായിരിക്കുന്നതുമാകുന്നു.

6. 21-ാമത്തെ വകുപ്പിൽ ചുരുങ്ങിയത് ഇരുപതികൊല്ലത്തെ യോഗ്യത സേവനം പൂർത്തിയാക്കിയതിനു ശേഷം എന്ന വാക്കുകൾക്കു പകരമായി 50 വയസ്സാകുന്നതോടെ ചുരുങ്ങിയത ഇരുപതുവർഷത്തെ സേവനം പൂർത്തിയാക്കിയതിനുശേഷം എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. 21-ാം വകുപ്പിനു തുടർച്ചയായി താഴെ പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കുക.

21.എ. ചട്ടമനുവദിക്കാത്ത പെൻഷൻ: താഴെ പറയും പ്രകാരം ഒരു ജീവനക്കാരന് ചട്ടങ്ങൾക്കതീതമായി പെൻഷൻ അനുവദിക്കാവുന്നതാണ്.

(a) ഏറ്റവും കുറഞ്ഞത് ഒരു കൊല്ലത്തെ സേവനം നൽകിയ ആൾക്ക്

(b) 1993 ജൂൺ 3-ാംനു അല്ലെങ്കിൽ അതിനുശേഷം സർവ്വീസിൽ നിന്നും വിരമിക്കുകയോ, സ്ഥിരമായി സർവ്വീസിൽ തുടരുവാൻ ശാരീരികമായോ മാനസികമായോ അസ്ഥിരത മൂലമോ കഴിയാതെ വന്നതിനാൽ ഒഴിവാക്കുകയോ ചെയ്ത ഒരാൾക്ക്

(c) ചട്ടമനുവദിക്കാത്ത അത്തരം പെൻഷൻ ഏറ്റവും കുറഞ്ഞത് മാസം തോറും 500 രൂപയായിരിക്കും വകുപ്പ് 22 ലെ ഉപവകുപ്പ് (1) താഴെ പറയുന്ന ഉപവകുപ്പ് പകരമായി ചേർക്കുക.

(i) ഫാമിലി പെൻഷൻ ഒഴികെയുള്ള മറ്റു പെൻഷനുകളുടെ തുക, സേവന കാലത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കേണ്ടതും താഴെ പറയും പ്രകാരം അത് കണക്കാക്കേണ്ടതുമാകുന്നു.

പെൻഷൻ $= \frac{AP \times QS}{60} \quad \frac{AP}{60} \quad \frac{QS}{12}$ (മാസത്തിൽ)

A.P. = ശരാശരി ശമ്പളം

Q.S. = യോഗ്യത സേവനത്തിന്റെ കൊല്ലം - ഏറ്റവും കൂടിയാൽ 30 കൊല്ലം

(ii)നിലവിലുള്ള ഉപവകുപ്പ് (iii) ഒഴിവാക്കുക

9. വകുപ്പ് 22 നു ശേഷം താഴെ പറയുന്ന വകുപ്പ് കൂട്ടിചേർക്കുക

22. എ കമ്മുട്ടേഷൻ തിരഞ്ഞെടുപ്പ് പെൻഷന് അർഹതയുള്ള ഒരു ജീവനക്കാരന് സാധാരണ നിലയിൽ അർഹതയുള്ള വിധം, അതാതുകാലം സർക്കാർ ജീവനക്കാർക്ക് ബാധകമാകും വിധം സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ അയാളുടെ അടിസ്ഥാന ശമ്പളത്തിന്റെ നാലിലൊന്നിലധികം വരാത്ത രീതിയിൽ പെൻഷൻ കമ്മുട്ടു ചെയ്യാവുന്നതാണ്.

10. വകുപ്പ് 23 ൽ

(i) ഉപവകുപ്പ് (1) നു പകരമായ താഴെ പറയുന്ന ഉപവകുപ്പ് ചേർക്കുക.

(ii) മരണപ്പെടുകയാണെങ്കിൽ ഒരു ജീവനക്കാരന്റെ കുടുംബത്തിന് പെൻഷൻ അനുവദിക്കാവുന്നതാണ്

(a) സർവ്വീസിലിരിക്കേത്തന്നെയാണെങ്കിൽ

(b) വിരമിച്ചതിനുശേഷം അയാൾക്ക് വാർദ്ധക്യപെൻഷൻ കിട്ടിയിരുന്നെങ്കിൽ

(ii) നിലവിലുള്ള ഉപകവകുപ്പ് (2) ഒഴിവാക്കുക.

11. വകുപ്പ് 24 ൽ

ഉപവകുപ്പ് (1) നു പകരമായ താഴെ പറയുന്ന ഉപവകുപ്പ് ചേർക്കൂ

(i) സർവ്വീസിലിരിക്കേ ഒരു ജീവനക്കാരൻ മരിക്കുകയാണെങ്കിൽ, അയാൾ ആ തിയ്യതിക്കു റിട്ടയർ ചെയ്യുകയാണെങ്കിൽ ലഭിക്കാവുന്നതിന്നാനുപാതികമായ എന്നാൽ 500 രൂപയിൽ കുറയാതെ അയാളുടെ യഥാർത്ഥ റിട്ടയർമെന്റ് തിയ്യതിവരേയും അതിന്നുശേഷം അമ്പതുശതമാനം എന്നാൽ 400 രൂപയിൽ കുറയാതെയാണ് ഫാമിലി പെൻഷൻ നിരക്ക്

(ii) ഉപവകുപ്പ് (2)

ഇരുന്നൂറു രൂപ എന്നതിനു പകരം നാനൂറു രൂപ എന്ന വാക്കുകൾ ചേർക്കുക.

(iii) നിലവിലുള്ള ഉപവകുപ്പ് (4) നീക്കം ചെയ്യുക.

12. വകുപ്പ് 31 നു പകരമായി താഴെ പറയുന്ന വകുപ്പു ചേർക്കുക

**പെൻഷൻ ഫണ്ട് നിക്ഷേപിക്കൽ:**

പെൻഷൻ ഫണ്ടിന്റേതായ എല്ലാ തുകകളും കേരളസംസ്ഥാന സഹകരണ ബാങ്കിലോ, അതാതു ജില്ലാ സഹകരണ ബാങ്കിലോ സെക്രട്ടറിയുടെ പേരിലുള്ള എക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

13. വകുപ്പ് 33 ഉപവകുപ്പ് (1)നു താഴെ പറയുന്ന ഖണ്ഡിക കൂട്ടിചേർക്കുക.

ഏതെങ്കിലുമൊരാൾ എന്തെങ്കിലും കാരണവശാൽ പെൻഷന് അർഹനല്ലെന്നുവന്നാൽ അയാൾക്കുവേണ്ടി ക്ഷേമനിധിയിലേയ്ക്കടച്ചിട്ടുള്ള സംഖ്യ സംഘത്തിലേക്ക് തിരിച്ചു നൽകേണ്ടതാണ് .

ഗവർണ്ണറുടെ കല്പനപ്രകാരം,

കെ.ജെ.മാത്യു

സർക്കാരിന്റെ പ്രധാന സെക്രട്ടറി


**കേരള ഗസ്റ്റ് (അസാധാരണം)**

വാല്യം 46 - നമ്പർ 1676 2001 നവംബർ 2


കേരള സർക്കാർ സഹകരണം (ബി) വകുപ്പ് നോട്ടിഫിക്കേഷൻ

ജി.ഒ.(പി).നമ്പർ 104/2001 തിയ്യതി : 2001 നവംബർ 2

എസ്.ആർ.ഒ.നമ്പർ 981/2001

**ഭേദഗതി നമ്പർ 2**

1969 ലെ കേരള സഹകണ സംഘം നിയമം (1969 ലെ 21-ാം നിയമം നിയമം) 80 എ വകുപ്പ് ഉപവകുപ്പ് 1 പ്രകാരം നൽകുന്ന അധികാരമുപ യോഗിച്ച് 1995 മാർച്ച് 15-ാനു അസാധാരണ ഗസറ്റിൽ 251 നമ്പറായി എസ്.ആർ.ഒ.323/95 നമ്പറായി പ്രസിദ്ധീകരിച്ചതും ജി.ഒ.(പി) 441/95 സഹ.ആയി പുറപ്പെടുവിച്ച പദ്ധതിക്ക് ഭേദഗതിയായി താഴെ കാണുന്ന പദ്ധതി തയ്യാറാക്കിയിരിക്കുന്നു.

**പദ്ധതി**

**1. തലവാചകവും പ്രാരംഭവും**

2001 ലെ കേരള സഹകരണ ജീവനക്കാരുടെ പെൻഷൻ ഭേദഗതി പദ്ധതി എന്നാണീ പദ്ധതി അറിയപ്പെടുക. വകുപ്പ് 22 ഉപവകുപ്പ് 1 ൽ താഴെ പറയുന്നത് ചേർക്കണം.

1993 ജൂൺ 3 1998 മാർച്ച് 31 നും ഇടയിൽ ജോലിയിൽ നിന്ന് വിരമിച്ച ജീവനക്കാരനുള്ള പെൻഷൻ തുക 2000 ഏപ്രിൽ 1 മുതൽ ശമ്പളം ക്ഷാമ ബത്തയും ഉൾപ്പെടുത്തി (എന്നാൽ മറ്റു ക്ഷാമാശ്വസങ്ങൾ നൽകേണ്ട തില്ല) യാണ് പെൻഷൻ കണക്കാക്കേണ്ടത്.

ഗവർണ്ണരുടെ കൽപന പ്രകാരം
കെ.ജെ.മാത്യു
സർക്കാർ പ്രധാന സെക്രട്ടറി

## കേരള ഗസ്റ്റ് (അസാധാരണം)

ഭേദഗതി No.3 GO (P) No.56/03 dt.22.3.03

1969 കേരള സഹകരണ സംഘം നിയമം (1969 ലെ 21-ാം നിയമം) വകുപ്പ് 880 എ അനുസരിച്ച് തയ്യാറാക്കിയതും നോട്ടിഫിക്കേഷൻ 1995 മാർച്ച് 14-ാംനു വെച്ച് ജി.ഒ.(പി) നമ്പർ 44/95 സഹ.ആയി എസ്.ആർ.ഒ. നമ്പർ 323/95 ആയി 1995 മാർച്ച് 14-ാം നുയിലെ 25-ാം നമ്പർ കേരള അസാധാരണ ഗസ്റ്റിൽ പ്രസി ദ്ധീകരിച്ചതുമായ കേരള സഹകരമ സംഘം ജീവനക്കാരുടെ സെൽഫ് ഫൈനാൻസിങ് പെൻഷൻ പദ്ധതി കേരള സഹകരണ സംഘം നിമയമമനുസ രിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതും താഴെ കൊടുക്കുന്ന പട്ടികയിൽ വ്യക്തമാക്കി യിട്ടുള്ളതുമായ ഓരോന്നിനും നേരെ പറയുന്ന വകുപ്പിന്റെ ഭരണ നിയന്ത്രണ ത്തിലുള്ളതുമായ എല്ലാ സംഘങ്ങൾക്കും അവ 1952 ലെ ജീവനക്കാരുടെ ക്ഷേമ നിധിയിലും പലവക നിബനിബന്ധനകളും നിയമം (കേന്ദ്രനിയമം 1952 ലെ 19)

ബാധകമല്ലെങ്കിൽപോലും കേരള സഹകരമ ജീവനക്കാരുടെ സെൽഫ് ഫൈനാൻസിങ്ങ് പദ്ധതി ഉടനെ പ്രാബാല്യത്തിൽ വരത്തക്കവണ്ണം ബാധകമായിരിക്കുന്നതാണ്.

**പട്ടിക**

| | സംഘത്തിന്റെ പേര് | വകുപ്പിന്റെ പേര് |
|---|---|---|
| 1. | വ്യവസായസഹകരണ സംഘങ്ങൾ | വ്യവസായ വകുപ്പ് |
| 2. | മത്സ്യബന്ധന സഹകരണ സംഘങ്ങൾ | മത്സ്യബന്ധനവകുപ്പ് |
| 3. | ക്ഷീരസഹകരണ സംഘങ്ങൾ | ക്ഷീര വികസനവകുപ്പ് |
| 4. | കയർ സഹകരണ സംഘങ്ങൾ | കയർ വികസന വകുപ്പ് |
| 5. | കൈത്തറി സഹകരണ സംഘങ്ങൾ | കൈത്തറി, ടെക്സ്റ്റൈൽ വകുപ്പ് |
| 6. | ഖാദി-ഗ്രാമ വ്യവസായ സഹകരണ സംഘങ്ങൾ | വ്യവസായ വകുപ്പിനു കീഴിലുള്ള ഖാദിഗ്രാമ വ്യവസായ ബോർഡ് |

ഗവർണ്ണറുടെ കൽപന പ്രകാരം

**ജെ.സുധാകരൻ**സർക്കാർ സെക്രട്ടറി

## കേരള ഗസ്റ്റ് (അസാധാരണം)

വാല്യം 48-ാം നമ്പർ തിയ്യതി 2003 മാർച്ച് 25

കേരള സർക്കാർ സഹകരണം (ബി) വകുപ്പ് നോട്ടിഫിക്കേഷൻ

ജി.ഒ.പി.നമ്പർ 58 2003 സഹ. തിയ്യതി : 2003 മാർച്ച് 24

എസ്.ആർഡ.ഒ.നമ്പർ .265/2003

**ഭേദഗതി നമ്പർ 4**

**2003 ലെ ഭേദഗതി GO (P) 58/03 dt.24-3-03**

കേരള സർക്കാർ 1969 ലെ സഹകരണ നിയമത്തിൽ സർക്കാരിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് 14-3-1995 ലെ 751-ാം നമ്പർ അസാധാരണ ഗസ്റ്റിൽ എസ്. ആർ.ഒ.323/95 ആയി പ്രസിദ്ധീകരിച്ചതും 14-3-95 ലെ തന്നെ സഹകരണവകുപ്പ് (GO(P) 44/95 പ്രകാരമുള്ള, കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് എംപ്ലോയീസ് സെൽഫ് ഫൈനാൻസിങ്ങ് പെൻഷൻ സ്കീം 1994 നുേ, അതേ അധികാരമുപയോഗിച്ചു. അസാധാരണമായ 25-03-03 നു പുറപ്പെടുവിച്ച 48-ാം വാല്യം 508 കേരള ഗസ്റ്റിൽ, സഹകരണ വകുപ്പിന്റെ 24-3-2003 ലെ GO(P) 58/03 SRO 265/03 ഉത്തരവിനനുസരിച്ച് പെൻഷൻ പദ്ധതി ഭേദഗതിയാക്കികാണുന്നു. പദ്ധതി തയ്യാറാക്കിയിരിക്കുന്നു.

പദ്ധതി

1. തലവാചകവും പ്രാരംഭവും:

(1) കേരള സഹകരണസംഘം ജീവനക്കാരുടെ സെൽഫ് ഫൈനാൻസിങ്ങ് പെൻഷൻ പദ്ധതി 2003 എന്നാണ് ഈ പദ്ധതി അറിയപ്പെടുക.

(2) ഇത് ഉടനെത്തന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

**2. പദ്ധതിക്കുള്ള ഭേദഗതി:**

കേരള സഹകരണസംഘം ജീവക്കാരുടെ പെൻഷൻ പദ്ധതി 1994 38-ാം വകുപ്പിന് ശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കുക.

38 എ ചിലയാളുകൾ പെൻഷൻ ലഭിക്കാനുള്ള പ്രത്യേക വകുപ്പ്.

ഒരു സംഘത്തിലെ സർവ്വീസിൽ നിന്ന് 1974 ജനുവരി 1-ാംനുയ്ക്കും 1993 ജൂൺ 3-ാംനുയ്ക്കും മദ്ധ്യേ വിരമിച്ച ഓരോ ജീവനക്കാരനും അയാൾ സഹകരണ സംഘം ജീവനക്കാരുടെ സെൽഫ് ഫൈനാൻസിങ്ങ് പെൻഷൻ പദ്ധതി 2003 പ്രാബല്യത്തിൽ വരുന്ന തിയ്യതിക്ക് ജീവിച്ചിരുപ്പുണ്ടെങ്കിൽ താഴെ പറയുന്ന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി പ്രതിമാസ പെൻഷൻ നൽകാവുന്നതാണ്.

(a) ആറുമാസത്തിനുള്ളിൽ കോൺട്രിബ്യൂട്ടറി പെൻഷൻ ഫണ്ടിലേക്ക് തൊഴിലുടമയുടെ വിഹിതമായടക്കേണഅട തുകക്കു തുല്യമായ സംഖ്യം ആ വ്യക്തി പെൻഷൻ ഫണ്ടിലേയ്ക്ക് അടയ്ക്കുകയാണെങ്കിൽ

(b) 2002 മെയ് നാലു മുതൽക്കുള്ള പെൻഷനാണ് നൽകേണ്ടത്.

(c) വകുപ്പ് 22 ൽ പറഞ്ഞിട്ടുള്ള രീതിയിലാണ് പെൻഷൻ തുക തിട്ടപ്പെടുത്തേണ്ടത്.

(d) പെൻഷൻ ലഭിക്കുന്നയാളുടെ മരണശേഷം ഫാമിലിപെൻഷൻ നൽകുന്നതല്ല.

(2) വകുപ്പുകൾ 19, 20, 22 എ, 26, 27 എന്നിവയിൽ പറഞ്ഞിട്ടുള്ള നിബന്ധനകളുടെ വിശദാംശങ്ങൾ പരിശോധിച്ചിരിക്കണം. ഉപവകുപ്പ് (1) അനുസരിച്ച് പെൻഷൻ നൽകേണ്ടത്

ഗവർണ്ണറുടെ കൽപന പ്രകാരം

ജെ.സുധാകരൻ

സർക്കാർ സെക്രട്ടറി.